LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായ നിധിയിൽ നിന്നുള്ള ധനസഹായം

40(1285) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായ നിധിയിൽ നിന്ന് ചികിത്സാ സഹായം അഭ്യർത്ഥിച്ചുകൊണ്ട് 1-1-2010 മുതൽ 31-1-2011 വരെയുള്ള കാലയളവിൽ നിയമസഭാ സാമാജികന്മാരിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര അപേക്ഷകൾക്ക് തീർപ്പു കല്പിച്ചു; ഇനി എത്ര അപേക്ഷകൾ തീർപ്പു കല്പിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; തീർപ്പു കല്പിച്ച അപേക്ഷകളിൽ ഭരണ-പ്രതിപക്ഷ വിവേചനം കാട്ടിയിട്ടുണ്ടോ;

(സി) അനുവദിച്ച തുകയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം അഭ്യർത്ഥിച്ചുകൊണ്ട് വിവിധ നിയമസഭാ സാമാജികരിൽ നിന്നും നിരവധി അപേക്ഷകൾ മുഖ്യമന്ത്രിവഴിയും റവന്യൂ വകുപ്പു മന്ത്രി വഴിയും ജില്ലാ കളക്ടർമാർ വഴിയും ലഭിക്കാറുണ്ട്. എല്ലുപ്പത്തിൽ സഹായം അനുവദിക്കുന്നതിന് ഇവയെല്ലാം 25-30 അപേക്ഷകളുടെ കെട്ടുകളായാണ് നടപടി എടുക്കുന്നത്. ഇക്കാരണത്താൽ നിയമസഭാ സാമാജികരിൽ നിന്നും ലഭിച്ച അപേക്ഷകളുടെ കൃത്യമായ കണക്കെടുപ്പ് അപ്രായോഗികമാണ്.

(ബി) ലഭിച്ച ഒട്ടുമിക്ക അപേക്ഷകളിലും തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ഇതിൽ ഭരണ-പ്രതിപക്ഷ വിവേചനം കാട്ടിയിട്ടില്ല.

(സി) ദുരിതത്തിന്റെ സ്വഭാവവും മറ്റ് അർഹതകളും പരിഗണിച്ചാണ് സഹായം അനുവദിക്കുന്നത്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചെലവഴിച്ച തുക

41(1286) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 4 ½ വർഷക്കാലം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചെലവഴിച്ച തുകയുടെ കണക്ക് വെളിപ്പെടുത്തുമോ ;

(ബി) എത്രപേർക്ക് ദുരിതാശ്വാസ സഹായം ലഭ്യമായി എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?